പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1971

04.05.2017 - ൽ മറുപടിക്ക്

## വിഷു-ഈസ്റ്റർ മാർക്കറ്റിൽ കൺസ്യൂമർ ഫെഡ് നടത്തിയ വിൽപന

| | ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വിഷു - ഈസ്റ്റർ ആഘോഷങ്ങളോടനുബന്ധിച്ച് കമ്പോള ഇടപെടലിനായി കൺസ്യൂമർഫെഡിന് തുക അനുവദിച്ചിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (എ) | വിഷു-ഈസ്റ്റർ ആഘോഷങ്ങളോടനുബന്ധിച്ച് കമ്പോള ഇടപെടലിനായി കൺസ്യൂമർഫെഡിന് തുക അനുവദിച്ചിരുന്നില്ല. എന്നാൽ ഈ കാലയളവിൽ പൊതു വിപണിയിലെ അരിവില നിയന്ത്രിക്കുന്നതിന് വേണ്ടി സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 678 അരിക്കടകൾ ആരംഭിച്ച് സുവർണ്ണമസൂരി എന്ന ഉൽപ്പന്ന നാമമുള്ള അരി കിലോയ്ക്ക് 25 രൂപ എന്ന നിരക്കിൽ വിതരണം ചെയ്തിരുന്നു. ഇത് കൂടാതെ ത്രിവേണി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ എന്നിവ വഴി പൊതുവിപണിയിലെ വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയേറിയ സാധനങ്ങൾ വിറ്റഴിച്ചിരുന്നു. |
| (ബി) | ഏപ്രിൽ മാസം വിഷു-ഈസ്റ്റർ മാർക്കറ്റുകളിലും കൺസ്യൂമർ ഫെഡ് മുഖേനയും എത്ര കോടി രൂപയുടെ വിൽപന നടത്തിയെന്ന് വ്യക്തമാക്കാമോ; | (ബി) | വിഷു-ഈസ്റ്റർ കാലയളവിൽ പ്രത്യേക ചന്തകൾ സംഘടിപ്പിച്ചിട്ടില്ല. ഇക്കാലയളവിൽ സൂപ്പർമാർക്കറ്റുകളിലൂടെ 3.61 കോടി രൂപയും, അരിക്കടകളിലൂടെ 1.84 കോടി രൂപയുടെ വിൽപ്പനയും കൈവരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ